>> അനുസ്മരണം

## ആലത്തിയൂർ കോയാമു



**മലപ്പുറം** ജില്ലയിലെ ചേന്നര പ്രാദേശിക ജമാഅത്ത് അംഗമായിരുന്നു ആലത്തിയൂർ കോയാമു സാഹിബ് (85). ഹാജി സാഹിബിന്റെ കാലത്തുതന്നെ പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന അദ്ദേഹം ആലത്തിയൂരിലും പരിസരത്തും യാഥാസ്ഥിതിക ചുറ്റുപാടിൽ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ ഒരുപാട് ത്യാഗങ്ങൾ സഹിച്ചു. അറുപതുകളിൽതന്നെ ആലത്തിയൂരിൽ ഘടകം രൂപീകരിക്കാൻ മുൻകൈയെടുത്തു. പരപ്പേരി മസ്ജിദുസ്സലാമിന്റെ നിർമാണത്തിൽ നേതൃപരമായ പങ്കുവഹിച്ചിട്ടുണ്ട്.

പരപ്പേരി മസ്ജിദുസ്സലാം പ്രസിഡന്റ്, ആലത്തിയൂർ കാർകുൻ ഹൽഖാ നാസിം, *പ്രബോധനം*, *മാധ്യമം* ഏജന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യയും ഒമ്പത് മക്കളുമടങ്ങുന്നതാണ് കുടുംബം.

**എം, സൈതുട്ടി ആലത്തിയൂർ**

## പി.എസ് അബ്ദുൽ കരീം



**പട്ടാമ്പിയിലെ** ജമാഅത്തെ ഇസ്‌ലാമി അംഗമായിരുന്നു പി.എസ് അബ്ദുൽ കരീം സാഹിബ് (79). ഹോമിയോ ഡോക്ടറായ അദ്ദേഹം കൊടുങ്ങല്ലൂർ, കരുവന്നൂർ, മാറഞ്ചേരി, കരുവാരകുണ്ട് എന്നിവിടങ്ങളിൽ ഹോമിയോ ഡിസ്പെൻസറി നടത്തിയിരുന്നു. മുപ്പതു വർഷത്തിലധികമായി പട്ടാമ്പിയും പരിസരവും തന്റെ പ്രവർത്തനമേഖലയായി തെരഞ്ഞെടുത്തു.

കരിങ്ങനാട് പ്രാദേശിക ജമാഅത്തിന്റെയും പട്ടാമ്പി ഹൽഖയുടെയും ട്രഷററായി ദീർഘകാലം പ്രവർത്തിച്ചു. എസ്.ഐ.ഒ പത്തനംതിട്ട ജില്ലാ പ്രസിഡന്റ് സ്വലാഹുദ്ദീൻ അടക്കം മൂന്നു ആൺമക്കളും രണ്ട് പെൺമക്കളും ഭാര്യയുമുണ്ട്.

**എ.ടി മുഹമ്മദ് കുട്ടി പട്ടാമ്പി**

## കെ.പി ഹംസ ഹാജി



**വടക്കാങ്ങര** കുഴാപറമ്പിൽ ഒരു യാഥാസ്ഥിതിക കുടുംബത്തിലെ അംഗമായിരുന്നു കെ.പി ഹംസ ഹാജി.

രണ്ടാം ക്ലാസ് വരെ മാത്രം ഔപചാരിക വിദ്യാഭ്യാസം നേടിയ അദ്ദേഹം ഖുർആൻ പഠനത്തിൽ നിഷ്ഠപുലർത്തി. പല യന്ത്രങ്ങളും അദ്ദേഹം സ്വന്തമായി രൂപകൽപന ചെയ്തിരുന്നു. ഭാര്യയോടൊപ്പം ഹജ്ജിന് പണമടച്ചിരിക്കുമ്പോഴാണ് അല്ലാഹുവിന്റെ വിളിയുണ്ടായത്.

**യു.പി മുഹമ്മദ് കുഴാപറമ്പ്**

## പി.ടി കുഞ്ഞബ്ദുല്ല



**പാലേരി** പാറക്കടവ് കാർകുൻ ഹൽഖയിലെ അംഗമായിരുന്ന പാലേരി താഴ കുഞ്ഞബ്ദുല്ല (68) വാഹനാപകടത്തെത്തുടർന്ന് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ നിര്യാതനായി.

കച്ചവടവും കൃഷിയും ജീവിതവൃത്തിയായി സ്വീകരിച്ച അദ്ദേഹം 40 വർഷത്തിലേറെ കാലം പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. സഹോദര സമുദായാംഗങ്ങളുമായി അടുത്ത ബന്ധം പുലർത്തി. ഭാര്യയും നാലു മക്കളുമുള്ള കുടുംബം പ്രസ്ഥാന കുടുംബമാണ്.

**മൂസാ പാലേരി**